# യോഹ 10:11-18

## സന്ദർഭം

യേശു നടത്തുന്ന രണ്ടു തിരുനാൾ പ്രസംഗങ്ങളുടെ അതിരുകളിലാണ് ഇന്നത്തെ വചനഭാഗം വരുന്നത്. കൂടാരത്തിരുനാളിൽ യേശു നൽകുന്ന പ്രഘോഷണം 7:1-10:21ലാണ്. പ്രതിഷ്ഠാത്തിരുനാളിനോട് അനുബന്ധിച്ചുള്ള പ്രബോധനം തുടങ്ങുന്നത് 10:22ലാണ്. കൂടാരത്തിരുനാളിലെ പ്രഘോഷണത്തിന്റെ അവസാനഭാഗമാണ് ഇന്നത്തെ വചനഭാഗം.

## പ്രമേയം

യോഹന്നാന്റെ സുവിശേഷത്തിൽ 10-ാം അധ്യായത്തിൽ വിവരിക്കുന്ന നല്ല ഇടയനെക്കുറിച്ചുള്ള വചനഭാഗം 9-ാംഅധ്യായത്തിൽ വിവരിക്കുന്ന അന്ധന്റെ സൗഖ്യവുമായി ബന്ധപ്പെട്ടതാണ്. ഇസ്രായേലിന്റെ ഇടയന്മാരായ നിയമജ്ഞരും ഫരിസേയരും ചേർന്ന്, സൗഖ്യം നേടിയ വ്യക്തിയെ അജഗണത്തിൽ നിന്ന് (സിനഗോഗിൽ നിന്ന്) പുറത്താക്കി (9:35). സ്വാർത്ഥലാഭത്തിനുവേണ്ടി ആടിനെ അവഗണിക്കുന്ന ഇടയന്മാരെ കണ്ണുണ്ടായിട്ടും കാണാൻ കഴിവില്ലാത്തവരും അന്ധരെ നയിക്കുന്ന അന്ധന്മാരുമായി യേശു ചിത്രീകരിക്കുന്നു (9:41). ഇത്തരം ഇടയന്മാർക്കു ബദലായാണ് യേശു തന്നെത്തന്നെ നല്ല ഇടയനായി ചിത്രീകരിക്കുന്നത്. നേതൃത്വമുറപ്പിക്കാൻ ആടുകളെ ബലികൊടുക്കുന്ന ഇടയന്മാർക്കു മുന്നിൽ ആടുകൾക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനുമായി സ്വജീവനർപ്പിക്കുന്ന ക്രിസ്തു വ്യത്യസ്തനായ ഇടയനാണ്.

## സന്ദേശം

1. ഫരിസേയർ യേശുവിനോട് ചോദിക്കുന്നത് അവർക്കും കാഴ്ചയില്ലേ എന്നാണ് (9:40). കാഴ്ച്ചശക്തിയുണ്ടായിട്ടും കാണാത്തതാണ് അവരുടെ പാപം എന്നാണ് യേശു അവരെ കുറ്റപ്പെടുത്തുന്നത് (9:41). നിനക്ക് കാഴ്ച്ചശക്തി തന്നിട്ടുണ്ട്; കഴിവുകൾ തന്നിട്ടുണ്ട്. അതിലൂടെ കാണേണ്ട കാര്യങ്ങൾ കാണാൻ നിനക്ക് കഴിയുന്നുണ്ടോ? കാണുന്നത് മനുഷ്യപുത്രനിൽ വിശ്വസിക്കാൻ വേണ്ടിയാണ് (9:35). നിന്നിലും നിനക്കു ചുറ്റും നടക്കുന്ന കാര്യങ്ങളെ പൂർണ്ണമായ അർത്ഥത്തിൽ കാണാൻ നിനക്കാകുന്നുണ്ടോ? അവയുടെ പിറകിലുള്ള ദൈവകരം കാണാൻ നിനക്കു കഴിയുന്നുണ്ടോ? അതിനു കഴിയുമ്പോഴാണ് നീ വിശ്വാസിയായി മാറുന്നത്.

2. വാതിലിലൂടെ പ്രവേശിക്കുന്നവനാണ് ഇടയൻ (10:2). കള്ളൻ വരുന്നത് മറ്റുവഴിക്കാണ്. വാതിലിലൂടെ പ്രവേശിക്കുന്നത് തുറവിയേയും, സുതാര്യതയേയും ആത്മവിശ്വാസത്തെയുമാണ് സൂചിപ്പിക്കുന്നത്. നിന്റെ പ്രിയരോടു നിനക്ക് തുറവിയും സുതാര്യതയുമുണ്ടാകുമ്പോൾ നീ അവരുടെ ഇടയനായിത്തീരും. 'നേരേ വാ, നേരേ പോ' എന്ന സത്യസന്ധതയാണ് ഈ സ്വഭാവത്തിന്റെ ആത്മാവ്. അതിനാൽ നിന്റെ സ്വന്തപ്പെട്ടവരോടും സുഹൃത്തുക്കളോടും നീ സത്യസന്ധതയോടും ആത്മാർത്ഥതയോടും കൂടെ പ്രവർത്തിക്കുക. അവരൊക്കെ നിന്റെ ആടുകളായിത്തീരും; അവർ നിന്റെ സ്വരം കേൾക്കുകയും ചെയ്യും (10:3).

3. ആടുകൾ സ്വന്തമല്ലാത്തതുകൊണ്ടാണ് കൂലിക്കാരൻ ഓടിപ്പോകുന്നത് (10:12). ഇടയൻ ഓടിപ്പോകാതെ നിന്ന് സ്വന്തം ജീവൻ അപകടത്തിലാക്കുന്നത്, ആടുകൾ അവന്റെ സ്വന്തമായതുകൊണ്ടാണ്. നിന്റെ സ്വന്തമായ ആടുകളെ തിരിച്ചറിയുക എന്നതാണ് പ്രധാനം. ആരെങ്കിലുമൊക്കെ സ്വന്തമായിട്ട് ഉണ്ടാകുകയാണ് ഇടനാകുന്നതിന്റെ ഹൃദയം. ആരാണ് നിനക്ക് സ്വന്തമായിട്ടുള്ളത്? അവർക്കായി നിന്റെ കഴിവും സമയവും ജീവിതവും നീ സമർപ്പിക്കണം. ഓരോ തവണ അങ്ങനെ സമർപ്പിക്കുമ്പോഴും അവർ നിന്റെ സ്വന്തമായിത്തീർന്നുകൊണ്ടിരിക്കുകയാണെന്നു ഓർക്കുക.

ഡോ. ജെ. നാലുപറയിൽ

# പ്രസംഗം

## കരുതലിൽ പുഷ്പിതമാകുന്ന ഇടയധർമ്മം

ദുരന്തങ്ങൾ ആകസ്മികങ്ങളാണ്, നാം ആഗ്രഹിച്ച് വിളിച്ചുവരുത്തുന്നവയല്ല. ചിലപ്പോൾ നമ്മുടെ ശ്രദ്ധക്കുറവും അലസതയും പിഴവുകളും ദുരന്തങ്ങൾ കടന്നുവരാനുള്ള എളുപ്പമാർഗ്ഗങ്ങളായേക്കാം. ആകസ്മികങ്ങളായ ദുരന്തങ്ങളെ നമുക്ക് പലപ്പോഴും ഒഴിവാക്കാനാവില്ല. എന്നാൽ, ഒഴിവാക്കാനാവുന്ന വലിയ ഒരു ദുരന്തമാണ് ആധുനിക സമൂഹത്തിന്റെ മനഃസാക്ഷി മരവിപ്പ്. ഇത് സഹോദരനിലേക്കുള്ള ദൂരം പ്രകാശവർഷങ്ങളേക്കാൾ ദൈർഘ്യ മേറിയതാക്കും, സഹോദരങ്ങളുടെ ജീവിതം നരകതുല്യമാക്കും, നന്മയുടെ ഉറവിടങ്ങളെ വറ്റിച്ചുകളയും.

ഒരു ഒക്ടോബർ മാസം ആലുവ സെമിനാരിയിലെ ഒരു വൈദിക വിദ്യാർത്ഥി മരവിച്ച സമൂഹമനഃസാക്ഷിയുടെ ക്രൂരമായ ഇരയായിതീർന്നു. ആലുവ പമ്പുകവലയിൽവച്ച് അദ്ദേഹം സഞ്ചരിച്ചിരുന്ന സൈക്കിളിന്റെ പിറകിൽ ബസ് വന്നിടിച്ചു. അപകടം പറ്റിയ ആ സഹോദരൻ രക്തത്തിൽ കുളിച്ച് 20 മിനിട്ടുനേരം നടുറോട്ടിൽ കിടന്ന് പിടഞ്ഞു. ചുറ്റും കൂടിയ ജനാവലി ആകാംക്ഷയോടെ എല്ലാം കണ്ടുനിന്നെങ്കിലും, ഒരാൾപോലും അദ്ദേഹത്തെ ആശുപത്രിയിൽ എത്തിക്കാൻ തയ്യാറായില്ല. പിന്നീട്, ഇത് കേട്ടറിഞ്ഞ് അടുത്തുള്ള ഓഫീസിൽ ജോലിചെയ്തിരുന്ന ചെറുപ്പക്കാരനാണ് ആ സഹോദരനെ ആശുപത്രിയിലെത്തിച്ചത്. സമയം വൈകിയതുമൂലം ആ ജീവൻ ഹോമിക്കപ്പെട്ടു, വൈദികനാകുക എന്ന സ്വപ്നവും പൊലിഞ്ഞു. ഇതുപോലെ വഴിയോരങ്ങളിൽ കാഴ്ചക്കാരായി നില്ക്കുന്ന ഒത്തിരിപ്പേരുടെ സാന്നിധ്യത്തിൽ ഹോമിക്കപ്പെടുന്ന ജീവിതങ്ങൾ ഏറെയുണ്ട്. കുറച്ച് വർഷങ്ങൾക്ക് മുമ്പായിരുന്നെങ്കിൽ, മനുഷ്യത്വത്തിന്റെ പേരിലെങ്കിലും, ആരെങ്കിലും വാരിയെടുത്ത് കാൽനടയായെങ്കിലും ആ സഹോദരനെ ആശുപത്രിയിൽ എത്തിക്കുമായിരുന്നു.

സമൂഹത്തിന്റെ ഇതുപോലെയുള്ള നിസ്സംഗതയ്ക്കും മരവിപ്പിനും യേശു നല്കുന്ന മറുപടിയാണ് കരുതലുള്ള ഇടയന്റെ ചിത്രം. ഇടയന് ആടുകൾ സ്വന്തമാണ്. അതിനാൽതന്നെ, ഇടയന്റെ ധർമ്മം ഒന്നേയുള്ളു: ആടുകളെക്കു റിച്ച് കരുതലുള്ളവനാകുക. ബാക്കിയെല്ലാം വന്നുചേർന്നുകൊള്ളും.

കർത്താവ് കാണിച്ചുതരുന്ന ഇടയൻ ആടുകൾക്കുവേണ്ടി ജീവനർപ്പിക്കാൻ തയ്യാറുള്ളവനാണ്. 23-ാം സങ്കീർത്തനം പറയുന്നതുപോലെ,പച്ചയായ പുൽതകിടിയും, പ്രശാന്തമായ ജലാശയവും കാട്ടികൊടുക്കുന്നവനും, ആട്ടിൻ കുട്ടികളെ മാറോടണയ്ക്കുന്നവനും (ഏശ 40:11), ചിതറിപ്പോയതിനെ ഒരുമിച്ചുകൂട്ടുന്നവനും (എസെ 34:11), മുറിവേറ്റതിനെ വച്ചുകെട്ടുന്നവനുമാണ് (എസെ 34:16) ആ ഇടയൻ. ഓരോ ആടിനെയുംകുറിച്ച് കരുതലുള്ളവനാണവൻ. വ്യക്തിപരമായി ഓരോ ആടിനെയും അറിഞ്ഞ്, ഓരോന്നിനും ആവശ്യമുള്ളത് നല്കുന്നവനാണവൻ.

കർത്താവ് തന്റെതന്നെ ജീവിതത്തെ നല്ല ഇടയന്റെ ജീവിതത്തോടാണ് ഉപമിക്കുന്നത്. ഇതിൽ മറഞ്ഞിരിക്കുന്ന ഒരാഹ്വാനമുണ്ട്: ഓരോ യേശുശി ഷ്യനും ഇടയനാകാൻ വിളിക്കപ്പെട്ടിരിക്കുന്നു. മനഃസാക്ഷി മരവിച്ച സമൂഹത്തിൽ യേശുവിലുള്ള വിശ്വാസം ജീവിക്കേണ്ടത് ഇടയന്റെ മനോഭാവം സ്വീകരിച്ചുകൊണ്ടാണ്.

യേശു തൊടുത്തുവിടുന്ന വ്യക്തിപരമായ ചോദ്യം ഒന്നേയുള്ളു: എനിക്ക് എന്റെ സഹോദരനെക്കുറിച്ച് കരുതലുള്ളവനാകാൻ സാധിക്കുമോ? ഇതിനുള്ള ഉത്തരമാണ് എന്റെ ക്രൈസ്തവജീവിതം.

ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും എനിക്ക് ഇടയനാകാം എന്നതാ ണ് സത്യം. എന്റെ കുടുംബത്തിന്റെ നല്ല ഭാവിക്കുവേണ്ടി ഞാൻ അദ്ധ്വാനിക്കുമ്പോൾ, ക്രിസ്തീയ വിശ്വാസം ജീവിക്കാൻ ശ്രമിക്കുമ്പോൾ, ക്രൈസ്തവമൂല്യങ്ങൾ പകർന്നുകൊടുക്കുമ്പോൾ എന്റെ കുടുംബത്തിൽ ഞാൻ ഇടയനാകുന്നു.

ചൂഷണം ചെയ്യപ്പെടുന്ന സ്ത്രീത്വം സമൂഹത്തിൽ വലിയൊരു ചോദ്യചിഹ്നമായി എന്നും നിലകൊള്ളും. ദേവതയായും, അമ്മയായും, സഹോദരിയായും കാണേണ്ട സ്ത്രീത്വം അതിനിഷ്ഠൂരമായും മൃഗീയമായും ആക്രമിക്കപ്പെടുമ്പോൾ മനഃസാക്ഷിയുള്ള ഒരുവന് നിസ്സംഗനായിരിക്കാൻ കഴിയുമോ? അവരെ അംഗീകരിക്കുകയും, ബഹുമാനിക്കുകയും,

ആദരിക്കുകയും ചെയ്യുമ്പോൾ നമ്മിലെ ഇടയൻ കരുതലുള്ളവനാകും, ജീവിക്കുന്നവനാകും.

തെരുവുതോറും അലയേണ്ടിവരുന്ന കുഞ്ഞുങ്ങൾക്കും, ബാലവേലയ്ക്ക് വിധേയരാകുന്ന കുട്ടികൾക്കും, രാഷ്ട്രീയക്കാർ തങ്ങളുടെ നേട്ടത്തിനായി ചട്ടുകമാക്കുന്ന വിദ്യാർത്ഥികൾക്കും, മദ്യപാനം, മയക്കുമരുന്ന് തുടങ്ങിയവയ്ക്ക് അടിമയായിട്ടുള്ളവർക്കും, ഇലക്ട്രോണിക് മാധ്യമങ്ങൾ വിളമ്പിത്തരുന്ന വിഭവങ്ങൾ വകതിരിവില്ലാതെ സ്വീകരിക്കുന്ന യുവതലമുറയ്ക്കും നാം ഇടയന്മാരാകണം.

ഇടയനാകാനുള്ള വേദികൾ വിസ്തൃതങ്ങളാണ്, വെല്ലുവിളികൾ അതിശക്തവും. ഈ ദൗത്യം നിർവ്വഹിക്കാൻ ആഴമായ ബോധ്യങ്ങളും, ഉറച്ച തീരുമാനങ്ങളും, വ്യക്തിപരമായ ദൈവാനുഭവവും വേണം.

2009 ജനുവരി 17-ാം തീയതി ലോകം മിഴിതുറന്നത് ഹഡ്സൺ നദിയിലെ അത്ഭുതം കണ്ടുകൊണ്ടാണ്. പറന്നുയുർന്നയുടനെ അപകടത്തിലായ വിമാ നം, അതിവിദഗ്ദ്ധമായി അമേരിക്കയിലെ ഹഡ്സൺ നദിയിൽ ഇറക്കി വിമാനത്തിലുണ്ടായിരുന്ന 155 പേരുടെയും ജീവൻ രക്ഷിച്ചു വൈമാനികനായ ചെൽസി. വിമാനം നദിയിൽ വീണതിനുശേഷം എല്ലാവരെയും ലൈഫ്ബോട്ടിൽ സുരക്ഷിതരായി കയറ്റി. മുങ്ങിക്കൊണ്ടിരുന്ന വിമാനത്തിൽ രണ്ടുപ്രാവശ്യം നടന്ന് എല്ലാവരും രക്ഷപ്പെട്ടു എന്ന് ഉറപ്പുവരുത്തി. എങ്ങിനെയാണ് ഇതൊക്കെ ചെയ്യാനായത് എന്ന് ചോദിച്ചപ്പോൾ അദ്ദേഹം തന്റെ 40 വർഷത്തെ വൈമാനിക അനുഭവസമ്പത്തോ, സാങ്കേതിക മികവോ അല്ല ഉത്തരമായി ചൂണ്ടിക്കാട്ടിയത്. അദ്ദേഹം പറഞ്ഞു: ദൈവം തോന്നിപ്പിച്ചത് ഞാൻ ചെയ്തു. വിമാനം നദിയിലേക്ക് വീഴുമ്പോഴും, നദിയിൽ മുങ്ങുമ്പോഴും അദ്ദേഹം ദൈവത്തോട് സംഭാഷണം നടത്തുകയായിരുന്നുവെന്ന് വ്യക്തം. ദൈവം തോന്നിപ്പിച്ചത് മാത്രം ചെയ്തു.

സഭ വേട്ടയാടപ്പെടുമ്പോഴും, സഭാതനയർ അവഹേളിതരാകുമ്പോഴും, അവളുടെ പ്രവർത്തനങ്ങൾ നിശിതമായി എതിർക്കപ്പെടുമ്പോഴും അവളുടെ ഇടയൻ കൂടെയുണ്ട്. ആ ഇടയന്റെ ധർമ്മം ഓരോ ക്രൈസ്തവനിലൂടെയും നിർവ്വഹിക്കപ്പെടും. ഓരോ ക്രൈസ്തവനും ഇടയനാണ്. നല്ല ഇടയന്റെ ഹിതം തി രിച്ചറിഞ്ഞ് അത് ജീവിതത്തിൽ സ്വാംശീകരിക്കാനായാൽ, നമ്മളും നല്ല ഇടയന്മാരാകും; ആടുകളെക്കുറിച്ച് കരുതലുള്ള നല്ല ഇടയന്മാർ.

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**